## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3802

26.06.2012 ൽ മറുപടിക്ക്

### പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രൊക്യൂർമെന്റ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, സണ്ണി ജോസഫ്<br>,, എം. എ. വാഹീദ്<br>,, പി. സി. വിഷ്ണുനാഥ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രൊക്യൂർമെന്റ് സംവിധാനം സുതാര്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിന് E-governance സംവിധാനത്തിന്റെ ഭാഗമായി 2012-13 -ൽ തന്നെ ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാർക്കും, മറ്റു ഉന്നത ഉദ്യോഗസ്ഥർക്കും വേണ്ടിയുള്ള ഇന്ററാക്റ്റീവ് സെഷനും പർച്ചേസ് ഡിപ്പാർട്ട്മെന്റിലുള്ള രണ്ടു ജീവനക്കാരെ ഉൾപ്പെടുത്തി നടത്തുന്ന ഇ-പ്രൊക്യൂർമെന്റ് ട്രെയിനിംഗ് പ്രോഗ്രാമും ആരംഭിച്ചിട്ടുണ്ട്.<br>സ്ഥാപനങ്ങളുടെ കണക്കുകൾ യഥാസമയം ക്രോഡീകരിച്ച് ഒരു സാമ്പത്തിക വർഷം കഴിഞ്ഞാലുടൻ ആഡിറ്റ് പൂർത്തിയാക്കാൻ വേണ്ടിയുള്ള ഇലക്ട്രോണിക്സ് സംവിധാനം(ERP)-e-governance ന്റെ ഭാഗമായി ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) ഇതിനായി ഇൻഡിപെന്റന്റ് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ;<br>(സി) ഇതിനുള്ള പാനൽ തയ്യാറാക്കുന്നതിനുള്ള നടപടികൾക്ക് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ? | (ബി) & (സി)<br>നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസും റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡും സംയോജിപ്പിച്ച് ഒരു പബ്ലിക് സെക്ടർ എന്റർപ്രൈസസ് ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രൊക്യൂർമെന്റ് സുതാര്യമായി നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനം പ്രസ്തുത പബ്ലിക് സെക്ടർ എന്റർപ്രൈസസ് ബോർഡിൽ സജ്ജമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ